**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 297** **29-01-2024 - ൽ മറുപടിയ്ക്ക്**

**കെ-സ്റ്റോറുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഇതുവരെയായി എത്ര കെ-സ്റ്റോറുകളാണ് പ്രവർത്തനമാരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | 359 കെ-സ്റ്റോറുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| (ബി) | നിലവിൽ എത്ര റേഷൻ ഷോപ്പുകളാണുള്ളതെന്ന് വ്യക്തമാക്കാമോ; ഇവ മുഴുവൻ കെ-സ്റ്റോറുകളാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | സംസ്ഥാനത്ത് ആകെ 14,168 റേഷൻ കടകളാണുള്ളത്. ഇവ മുഴുവൻ കെ-സ്റ്റോറുകൾ ആക്കുന്നത് ഇപ്പോൾ പരിഗണനയിലില്ല. ഈ സർക്കാരിന്റെ കാലഘട്ടത്തിൽ 2000 കെ-സ്റ്റോറുകൾ ആരംഭിക്കുന്നതിന് ലക്ഷ്യമിടുന്നു. |
| (സി) | റേഷൻ ഷോപ്പുകൾ കെ-സ്റ്റോറായി ഉയർത്തുമ്പോൾ അധികമായി ലഭ്യമാവുന്ന സൗകര്യങ്ങൾ വിശദമാക്കാമോ? | (സി) | റേഷൻ ഷോപ്പുകൾ കെ-സ്റ്റോറായി ഉയർത്തുന്നതു വഴി നിത്യോപയോഗ സാധനങ്ങളായ മിൽമയുടെ തെരഞ്ഞെടുത്ത ഉൽപ്പന്നങ്ങൾ, IOC യുടെ ചോട്ടു ഗ്യാസ്, സപ്ലൈകോയുടെ ശബരി ഉത്പന്നങ്ങൾ, വ്യവസായ വാണിജ്യ വകുപ്പിന് കീഴിൽ പ്രാദേശികമായി ഉൽപ്പാദിപ്പിക്കുന്ന ചെറുകിട വ്യവസായ യൂണിറ്റുകളുടെ നിത്യോപയോഗ സാധനങ്ങളും, CSC വഴിയുള്ള യൂട്ടിലിറ്റി ബിൽ പെയ്മെന്റ്, പതിനായിരം രൂപ വരെയുള്ള പണമിടപാടുകൾ എന്നീ സേവനങ്ങളും ലഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ